MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

JANUARY 2015

Vol.: 36 Issue No. : 1

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

| | | |
|---|---|---|
| 1 | ഇടയശബ്ദം | 02 |
| 2 | കച്ചേരിക്കാര്യങ്ങൾ | 06 |
| 3 | സർക്കുലർ | 08 |
| 4 | ഇടയലേഖനം | 12 |
| 5 | പാക്സ് | 18 |
| 6 | സർക്കുലർ : കർഷകദിനം | 19 |
| 7 | കെ.സി.ബി.സി. സർക്കുലർ | 22 |
| 8 | പാസ്റ്ററൽ കൗൺസിൽ | 25 |
| 9 | ബ്ലസ് എ ഹോം | 28 |
| 10 | സെന്റ് പോൾസ് മൈനർ സെമിനാരി | 29 |
| 11 | മതബോധനം | 31 |
| 12 | ബി.എൽ.എം. | 33 |
| 13 | കരിസ്മാറ്റിക് മൂവ്മെന്റ് | 33 |
| 14 | അവാർഡ് | 34 |
| 15 | നവചൈതന്യ | 36 |
| 16 | സോഷ്യൽ ആക്ഷൻ | 37 |
| 17 | സാൻജോസദൻ | 39 |
| 18 | സ്പിരിച്ചാലിറ്റി സെന്റർ | 40 |
| 19 | ഇടയന്റെ നാളെകൾ | 41 |
| 20 | ഇടയന്റെ ഇന്നലെകൾ | 43 |

# ഇടയശബ്ദം



*പ്രിയ സഹോദര വൈദീക സുഹൃത്തുക്കളെ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ അല്മായ സഹോദരരേ,*

2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 02 വരെ സമർപ്പിത വർഷമായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച സമർപ്പിതവർഷത്തെക്കുറിച്ചുള്ള ഡിക്രിയുടെയും സഭയെക്കുറിച്ചുള്ള constitution ന്റെയും 50–ാം വാർഷികത്തിലാണ് ഈ സമർപ്പിതവർഷം പ്രഖ്യാപിച്ചിരിക്കുന്നത്.

**സമർപ്പിതവർഷത്തിലെ ലക്ഷ്യങ്ങൾ**

1. സമർപ്പണ ജീവിതമാകുന്ന വലിയ ദാനത്തിന് സഭയൊന്നാകെ ദൈവത്തിന് നന്ദി പറയുക. സമർപ്പണജീവിതത്തിന്റെ ബഹുമുഖ രൂപങ്ങളാൽ ദൈവരാജ്യത്തിനായി സമ്പൂർണ്ണസമർപ്പണം നടത്തിയ അനേകം ജീവിതങ്ങളുടെ മികവാർന്ന പ്രവർത്തനങ്ങളാൽ സഭയും ലോകവും സമ്പന്നമാക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

സമർപ്പിതജീവിതങ്ങൾവഴി മിഷനറിപ്രവർത്തനങ്ങൾ, നവസുവിശേഷവൽക്കരണപ്രവർത്തനങ്ങൾ, അജപാലനശുശ്രൂഷകൾ, ആതുരാലയങ്ങൾ, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, ആശുപത്രികൾ, തൊഴിൽശാലകൾ, കൃഷിപരിശീലനം, പ്രാചീനകൃതികൾ വീണ്ടെടുത്ത് പകർത്തിയെഴുതൽ, ബൈബിൾ, ദൈവശാസ്ത്രം, സഭാനിയമം എന്നീ പഠനങ്ങൾ, ആരാധനക്രമഗ്രന്ഥങ്ങളുടെ രൂപീകരണം, ക്രിസ്തീയ ജീവിതനവീകരണം തുടങ്ങി ഏറെ പ്രവർത്തനങ്ങൾ വഴി സഭയെയും ലോകത്തെയും സമ്പന്നമാക്കുവാൻ ഇടയായിട്ടുണ്ട്.

സമർപ്പിതജീവിതം ദൈവം സഭയ്ക്ക് നൽകുന്ന ദാനമാണ്. സഭയെ കെട്ടിപ്പടുക്കുവാൻ, ക്രൈസ്തവസമൂഹത്തെ വിശുദ്ധിയിൽ വളർത്തുവാൻ ദൈവം നൽകിയ ഈ ദാനത്തിന് ദൈവത്തെ

സ്തുതിക്കുക. സമർപ്പിതരുടെ നിസ്തുലമായ സേവനത്തിന് ദൈവത്തിന് നന്ദി പറയുക.

2. മുഴുവൻ ദൈവജനത്തിനിടയിലും സമർപ്പിതജീവിതത്തെക്കുറിച്ചുള്ള അറിവും മതിപ്പും വളർത്തുക. ആഴമാർന്ന ധാരണ ഇക്കാര്യത്തിൽ വളർത്തണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സമർപ്പിതരില്ലാത്ത സഭയെപ്പറ്റി നമുക്ക് ചിന്തിക്കാനെ പറ്റില്ല.

ദൈവത്തിന്റെ കൃപാവരത്താൽ രൂപാന്തരപ്പെടുവാൻ സ്വയം അനുവദിക്കുന്നവരാണ് സമർപ്പിതർ. സുവിശേഷത്തോട് പൂർണ്ണമായും അനുരൂപപ്പെടുവാൻ സമർപ്പിക്കുന്നവരാണ് ഇവർ. സമർപ്പിതരില്ലാതെ സഭയ്ക്ക് തന്റെ ദൗത്യം പൂർണ്ണമായി പൂർത്തീകരിക്കാനാകില്ല.

3. സമർപ്പിതജീവിതത്തിൽ നവീകരണത്തിനുള്ള അവസരമാണിത്. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെയും അവിടുത്തിൽ എളിയ സഹോദരരെ സ്നേഹിക്കുന്നതിന്റെയും സന്തോഷമാണ് ഈ വർഷത്തിൽ ദൈവജനത്തിന് സമർപ്പിതരിൽ കണ്ടെത്തുവാൻ കഴിയേണ്ടത്. യേശുവിനോടും യേശുവിൽ മനുഷ്യരോടുമുള്ള സ്നേഹം മൂലം നടത്തുന്ന മൗലികമായ ആത്മദാനമാണ് സമർപ്പിതജീവിതമെന്ന കാര്യം വെളിവാക്കപ്പെടുന്നത്. വത്തിക്കാൻ കൗൺസിലിനുശേഷം കഴിഞ്ഞ 50 വർഷമായി സമർപ്പിതർ നവീകരണത്തിന്റെ പാതയിലാണ്.

കർത്താവിനോടും സഭയോടും തങ്ങളുടെ സമർപ്പിതസമൂഹത്തിന്റെ സിദ്ധിയോടും ഇന്നത്തെ ജനത്തോടും സമൂഹത്തോടുമുള്ള വിശ്വസ്തതയും പ്രതീകാത്മകതയും നവീകരിക്കുവാനാണ് കൗൺസിൽ സമർപ്പിതരോട് ആവശ്യപ്പെട്ടത്. ലോകത്തെയും സഭയെയും ബാധിക്കുന്ന സ്വാധീനങ്ങളും സംഘർഷങ്ങളും പ്രശ്നങ്ങളും സമർപ്പിതജീവിതത്തെയും ബാധിക്കുമെന്നത് തീർച്ചയാണ്. തദ്ഫലമായി സമർപ്പിതജീവിതത്തിന്റെ കരിസ്മാറ്റിക് മാനം മറന്ന് സ്ഥാപനവൽക്കരണത്തിനും കാര്യക്ഷമതയ്ക്കും പ്രൊഫഷണലിസത്തിനും അടിമപ്പെടാനുള്ള പ്രലോഭനം ശക്തമാകുന്നതുതന്നെ ഉദാഹരണം. ഇവ ദൗത്യനിർവ്വഹണത്തിനുള്ള ഉപാധികൾ മാത്രമെ ആകാവൂ എന്ന കാര്യം മറക്കരുത്. സ്വന്തം ശക്തികൊണ്ടോ കഴിവുകൊണ്ടോ അല്ല മറിച്ച് കർത്താവിലുള്ള വിശ്വാസാശ്രയംകൊണ്ട് എല്ലാം നവീകരിക്കുവാൻ കഴിയുമെന്ന വലിയ പ്രതീക്ഷ ഉണ്ടാകണം.

4 ഓരോ സമർപ്പിതസമൂഹവും തങ്ങളുടെ സിദ്ധികൾ വിശ്വസ്ത തയോടെ നിർവ്വഹിക്കുമ്പോഴും സഭയുടെ മുഴുവന്റെയും അതാതു രൂപതയുടെയും പ്രയോജനം മുൻ നിർത്തി സ്ഥലകാലങ്ങളുടെ ആവ ശ്യങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ പുനഃസംവിധാനം ചെയ്യുക.

തങ്ങളുടെ പ്രവർത്തനങ്ങൾ സമർപ്പിത സമൂഹത്തിന്റെ സിദ്ധി കൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതുവഴി സമർപ്പിതർക്ക് തങ്ങ ളുടെ ശുശ്രൂഷകളെക്കുറിച്ച് ആഴമാർന്ന ബോധ്യവും ഉണ്ടാകും. വ്യത്യസ്ത സമർപ്പിത സമൂഹങ്ങൾ ഒന്നിച്ച് സഭാസമൂഹവുമായി ഒന്നിച്ച് പ്രവർത്തിക്കുവാൻ കഴിയണം. തിരുസ്സഭയുടെ പൊതുനന്മ യ്ക്കായി സഹകരിച്ച് പ്രവർത്തിക്കണം.

5 സമർപ്പിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം

സമർപ്പിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനുള്ള അവസ രമാണിത്. സമർപ്പിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാൻ കുടും ബകേന്ദ്രീകൃത അജപാലനത്തിന് സമർപ്പിതർ ഊന്നൽ നൽകണം. ഹോംമിഷൻ, ധ്യാനങ്ങൾ, കൗൺസലിങ്ങ് എന്നിവ വിവിധ സമർപ്പി തസമൂഹങ്ങൾ ഒന്നിച്ച് പ്രവർത്തിക്കുകയും അതുവഴി കുടുംബത്തെ ക്കുറിച്ചുള്ള ദൈവികപദ്ധതി ജീവിക്കുവാൻ കുടുംബങ്ങളെ സഹാ യിക്കുവാൻ സമർപ്പിതർ തയ്യാറാകണം. ശിഥിലമാകുന്ന കുടുംബ ബന്ധങ്ങൾ, വിവാഹതകർച്ച, മിശ്രവിവാഹങ്ങൾ, ജനനനിരക്ക് കുറയൽ, മദ്യം മയക്കുമരുന്ന് ദുപയോഗം എന്നിവക്കെതിരെ സമർപ്പിതർ നിലകൊള്ളും.

മാതാപിതാക്കൾ സുവിശേഷമൂല്യങ്ങൾ അനുകരിച്ച് ജീവിച്ചാൽ മക്കൾക്ക് വിളി തിരിച്ചറിയാനും സ്വീകരിക്കാനും നേരിടേണ്ട ത്യാഗ ങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും കഴിയൂ.

**രൂപതയിലെ സമർപ്പിതർ**

1. ഇരിങ്ങാലക്കുട രൂപതയിൽ 13 പുരുഷന്മാരുടെ സമർപ്പിതസ മൂഹങ്ങൾ ഉണ്ട്. അതിൽ 11 വൈദികസമർപ്പിതസമൂഹങ്ങളും 2 സഹോദരസമർപ്പിതസമൂഹങ്ങളുമാണുള്ളത്. ഇതിൽ 17 ബ്രദേഴ്സും നൂറോളം വൈദികരും 89 പരിശീലനത്തിലായിരിക്കുന്ന അർത്ഥിക ളുമുണ്ട്. പുരുഷ സമർപ്പിത സമൂഹങ്ങളുടെ 30 ഭവനങ്ങളാണ് നമ്മുടെ രൂപതയിലുള്ളത്. CMI സമർപ്പിത സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ഫാ. പോൾ ആച്ചാണ്ടിയും ഹോളി ട്രിനിറ്റി അന്താരാഷ്ട്രസമൂഹ

ത്തിന്റെ സുപ്പീരിയർ ജനറൽ ഫാ. ജോസ് ഞർലേലിയും നമ്മുടെ രൂപതാംഗങ്ങളാണ്. വിവിധ സന്യാസസമൂഹങ്ങളിലെ പ്രൊവിൻഷ്യൽസ് നമ്മുടെ രൂപതയിൽനിന്നുണ്ട്. ഏകദേശം 500ഓളം സമർപ്പിതവൈദികരും ഏറെ സമർപ്പിതബ്രദേഴ്സും രൂപതയ്ക്ക് പുറത്ത് സേവനം ചെയ്യുന്നുണ്ട്. സമർപ്പിതരുടെ പരിശീലനത്തിനായി 6 സെമിനാരികൾ രൂപതയിലുണ്ട്.

2. സ്ത്രീകളുടെ സമർപ്പിത സമൂഹങ്ങൾ

സ്ത്രീകളുടെ 41 സമർപ്പിത സമൂഹങ്ങൾ ഇരിങ്ങാലക്കുട രൂപതയിലുണ്ട്. അവയിൽ 5 പ്രൊവിൻസുകൾ രൂപതയിൽ രൂപീകൃതമായിട്ടുണ്ട്. CMC, CHF, FCC, CSC, CSM എന്നിവയാണിത്. 211 സമർപ്പിതഭവനങ്ങളിലായി നമ്മുടെ രൂപതയിൽ 2000ത്തോളം സന്യാസിനികൾ ശുശ്രൂഷ ചെയ്യുന്നുണ്ട്. രൂപതയ്ക്കു പുറത്ത് സേവനം ചെയ്യുന്ന വളരെയേറെ സമർപ്പിതരുണ്ട്.

സമർപ്പിതസമൂഹങ്ങളുടെ നേതൃത്വത്തിൽ റഗുലർ കോളേജുകളും, 5 ടെക്നിക്കൽ കോളേജുകളും, 10 പാരലൽ കോളേജുകളും, 160 സ്കൂളുകളും നേഴ്സറികളും, 86 ചാരിറ്റബിൾ സ്ഥാപനങ്ങളും 12 കൗൺസലിങ്ങ് സെന്ററുകളും 74 ഇതര സ്ഥാപനങ്ങളും നടത്തുന്നുണ്ട്. വളരെ കാര്യക്ഷമമായി നടത്തപ്പെടുന്ന ഈ സ്ഥാപനങ്ങളിൽ നമ്മുടെ രൂപതാംഗങ്ങൾ കൂടാതെ നാനാജാതി മതസ്ഥരായ ഏറെ പേർ പരിശീലനം നേടുകയോ ജോലി ചെയ്യുകയോ ചെയ്യുന്നുണ്ട്.

3. സാർവ്വത്രികസഭയോട് ചേർന്ന് നാമും സമർപ്പിതവർഷമായി 2015 ആഘോഷിക്കുകയാണ്. മാർച്ച് 30ന് രൂപതാതലത്തിലുള്ള ഉദ്ഘാടനവും ഏപ്രിൽ 2ന് പെസഹാവ്യാഴാഴ്ച ഇടവക തലത്തിലുള്ള ഉദ്ഘാടനവും നടത്തപ്പെടുന്നു. പ്രവർത്തനപദ്ധതികൾ തയ്യാറാക്കി വരുന്നു.

നമുക്കും സമർപ്പിതരോടൊപ്പം ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്താം, നന്ദി പറയാം. കൂടുതൽ സമർപ്പിത ദൈവവിളികൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കാം പരിശ്രമിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഇരിങ്ങാലക്കുട
20. 12. 2014

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ




1. **സീറോ മലബാർ മിഷൻ ഞായർ : 11.01.2015**
ദനഹാതിരുനാൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് സീറോ മലബാർ മിഷൻ ഞായർ. പ്രത്യേക പിരിവെടുത്ത് സംഖ്യ രൂപതാ പ്രൊക്കുറേറ്ററെ ജനുവരി മാസത്തിൽത്തന്നെ ഏല്പിക്കേണ്ടതാണ്.

2 **വൈദിക മാസധ്യാനം-നവവൈദികർക്ക് സ്വീകരണം**
ജനുവരി 15-ാം തിയ്യതി വ്യാഴാഴ്ച കാലത്ത് 10 മണിക്ക് രൂപതാ ഭവനത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ ബഹു. അച്ചന്മാരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

3. **സഭൈക്യവാരം**
ജനുവരി 18ന് ആരംഭിക്കുന്നു. വിവിധ ക്രൈസ്തവസമൂഹങ്ങൾ ക്രിസ്തുവിൽ ഒന്നായിത്തീരാനും സഭാവിശ്വാസം ഉപേക്ഷിച്ചവർ തിരിച്ചുവരാനും ഈ സഭൈക്യ വാരത്തിൽ പ്രത്യേകം പ്രാർത്ഥിക്കാം.

4. **റിപ്പബ്ലിക് ദിനം – ജനുവരി 26**
നമ്മുടെ മാതൃരാജ്യമായ ഭാരതത്തെ സ്വതന്ത്ര, പരമാധികാര രാഷ്ട്രമാക്കി പടുത്തുയർത്താൻ പരിശ്രമിച്ച ഭരണഘടനാ ശില്പികളെ നമുക്ക് ഓർക്കാം; മാതൃരാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കാം.

5. **ലോകസമാധാനദിനം – ജനുവരി 30**
ഭാരതത്തിനുവേണ്ടി ജീവാർപ്പണം ചെയ്ത രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ സ്മരിച്ച് ലോകത്തിൽ സമാധാനവും ഐശ്വര്യവും പുലരുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

6 **തിരുനാൾ റിപ്പോർട്ട്**
പ്രധാന തിരുനാളുകൾ കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ നിശ്ചിത ഫോറത്തിൽ റിപ്പോർട്ട് അയക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുക.

7 **വലിയ നോമ്പ്**
ഫെബ്രുവരി 15-ാം തിയ്യതി ഞായറാഴ്ച പാതിരാ മുതൽ നോമ്പ് ആരംഭിക്കുന്നു. വിഭൂതി മുതൽ ഉയിർപ്പുഞായർ വരെ വിവാഹാഘോഷം മുടക്ക്.

**8 രൂപതാബുള്ളറ്റിൻ**

2014–ലെ ബുള്ളറ്റിനുകൾ ഒന്നിച്ച് ബൈൻഡ് ചെയ്ത് ഇടവക കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.

**9 പിരിവുകൾ**

2014–ൽ വിവിധ ആവശ്യങ്ങൾക്കായി രൂപതയിലെ നിർദ്ദേശ പ്രകാരം നടത്തിയിട്ടുള്ള പിരിവുകളുടെ സംഖ്യ രൂപതാ പ്രൊക്കുറേറ്ററുടെ പക്കൽ ഇനിയും ഏല്പിക്കാത്ത ഇടവകകൾ ഈ മാസത്തിൽത്തന്നെ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. തെരട്ടു ഫീസ് നിശ്ചിത തിയ്യതിക്കുള്ളിൽ അടയ്ക്കാത്തവർ ഈ മാസം തന്നെ അത് തീർക്കേണ്ടതാണ്.

രൂപതാ കാര്യാലയം **മോൺ. ജോസ് ഇരിമ്പൻ**
20. 12. 2014 വികാരി ജനറാൾ

---

## സെന്റ് ജെയിംസ് റീനൽ കെയർ മിഷനിലേക്ക് സംഭാവന നൽകിയവരുടെ ലിസ്റ്റ്

**2014 ഒക്ടോബർ**

| | | |
|---|---|---|
| 1 | റൂബി പീറ്റർ, മഞ്ഞളി ആടലോടി വീട്, ആനത്തടം | 1,100 |
| 2 | ജോൺസൺ കെ. പി. | 20,000 |
| 3 | ഒ. പി. കൗണ്ടർ, സെന്റ് ജെയിംസ് ഹോസ്പിറ്റൽ, ചാലക്കുടി | 700 |
| 4 | മതബോധന പത്താംക്ലാസ് വിദ്യാർത്ഥികൾ, ഇൻഫന്റ് ജീസസ്സ് ചർച്ച്, മേലഡൂർ | 5,000 |
| 5 | ഫാ. ടിജോ ആലപ്പാട്ട്, സെന്റ് ജെയിംസ് ഹോസ്പിറ്റൽ, ചാലക്കുടി | 4,500 |
| | **ആകെ** | **31,300** |

**2014 നവംബർ**

| | | |
|---|---|---|
| 1 | കിഡ്നി ഫെഡറേഷൻ ഓഫ് ഇൻഡ്യ | 2,000 |
| 2 | റൂബി പീറ്റർ, മഞ്ഞളി ആടലോടി വീട്, ആനത്തടം | 550 |
| 3 | ഒ. പി. കൗണ്ടർ, സെന്റ് ജെയിംസ് ഹോസ്പിറ്റൽ, ചാലക്കുടി | 1,060 |
| 4 | വിനോജ് കരിപ്പായി, കരിപ്പായി ഹൗസ്, കുറ്റിക്കാട് | 11,550 |
| 5 | വെൽവിഷർ | 3,000 |
| 6 | വെൽവിഷർ | 4,000 |
| | **ആകെ** | **22,160** |

**ഫാ. പോൾ എ. അമ്പൂക്കൻ**
ഡയറക്ടർ

1573/14
19.12.14

# സർക്കുലർ

## വിശുദ്ധ എവുപ്രാസ്യ ആചരണം

**ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട സഹോദരവൈദികരെ, പ്രിയ സമർപ്പിതരെ, വാത്സല്യമക്കളെ,**

നമ്മുടെ രൂപതാംഗമായ വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയ നല്ലവനായ ദൈവത്തിന് നമുക്ക് കൃതജ്ഞതയർപ്പിക്കാം. ആരും അറിയപ്പെടാതെ ലളിതജീവിതം നയിക്കുകയും വിശുദ്ധിയിൽ വളരുകയും ചെയ്ത എവുപ്രാസ്യമ്മ ഇന്ന് സാർവ്വത്രിക സഭയ്ക്ക് ജീവിതമാതൃകയാണ്. ക്രിസ്തുവിനെ അനുകരിച്ച് ക്രൈസ്തവ ജീവിതം നയിക്കുവാൻ വിശുദ്ധ എവുപ്രാസിയ നമുക്ക് പ്രചോദനവും മധ്യസ്ഥയുമാകട്ടെ.

1887 ഒക്ടോബർ 17ന് കാട്ടൂരാണ് വിശുദ്ധ എവുപ്രാസ്യയുടെ ജനനം. മാമ്മോദീസ എടത്തിരുത്തി ഇടവകയിൽ ഒക്ടോബർ 25നായിരുന്നു കർമ്മലീത്ത മഠത്തിൽ ചേർന്ന എവുപ്രാസ്യമ്മയുടെ പ്രഥമവാഗ്ദാനം വൈന്തല മഠത്തിൽവച്ച് 1898 ജനുവരി 10ന് നടന്നു. വിശുദ്ധയുടെ സമർപ്പിത ജീവിതത്തിൽ 7½ വർഷക്കാലം വൈന്തല മഠത്തിൽ കഴിഞ്ഞിട്ടുണ്ട്. വിശുദ്ധ പദപ്രഖ്യാപനത്തിനായുള്ള അത്ഭുതരോഗശാന്തി ലഭിച്ചത് കല്ലേറ്റുംകര ഇടവകാംഗമായ ജുവലിനാണ്.

വിശുദ്ധ എവുപ്രാസ്യമ്മയുടെ ജനനവും ജീവിതവും വിശുദ്ധ പദപ്രഖ്യാപനവും നമ്മുടെ രൂപതയുമായി വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നതിനാൽ രൂപതതലത്തിലുള്ള ഒരു ആചരണം 2015 ജനുവരി 26ന് രാവിലെ കാട്ടൂരുള്ള ജന്മഗേഹത്തിലും ഉച്ചകഴിഞ്ഞ് എടത്തിരുത്തി ഇടവകയിലും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. രൂപതയിലെ എല്ലാ വൈദികരും സമർപ്പിതരും സാധിക്കാവുന്നിടത്തോളം അല്മായ സഹോദരങ്ങളും ഈ ആചരണത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+ Pauly Kannookadan

ഇരിങ്ങാലക്കുട
19. 12. 2014

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB : ജനുവരി മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച കുർബാനമദ്ധ്യേ ഈ സർക്കുലറിലെ പ്രസക്തഭാഗങ്ങൾ ദൈവജനത്തെ അറിയിക്കുമല്ലോ.

## മാർ ജോയ് ആലപ്പാട്ട് പിതാവിന്റെ സ്വീകരണം

നമ്മുടെ രൂപതാംഗവും നവാഭിഷിക്തനുമായ മാർ ജോയ് ആലപ്പാട്ട് പിതാവിന് ജനുവരി 15ന് സ്വീകരണം നൽകുവാൻ തീരുമാനിച്ചിരുന്നുവല്ലോ. അദ്ദേഹത്തിന് ഒരു ശസ്ത്രക്രിയയ്ക്ക് വിധേയമാകേണ്ടി വന്നതിനാൽ യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് സ്വീകരണ പരിപാടികൾ മാറ്റിവയ്ക്കുന്നു. തിയ്യതി പിന്നീട് അറിയിക്കുന്നതാണ്. പതിവുപോലെ ജനുവരി 15ന് വൈദികരുടെ മാസധ്യാനവും വൈദികസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്.

## സമർപ്പിതദിനം

ഫെബ്രുവരി 2ന് തിരുസ്സഭ സമർപ്പിതദിനമായി ആചരിക്കുകയാണ്. അന്നേദിവസമോ ഫെബ്രുവരി 1 ഞായറാഴ്ചയോ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സമർപ്പിതദിനത്തോടനുബന്ധിച്ച് സംഗമങ്ങൾ സംഘടിപ്പിക്കുവാനും സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ സേവനങ്ങൾക്ക് നന്ദി പറയുവാനും പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## തിരുസ്സഭ അംഗീകരിക്കാത്ത സ്ത്രീപുരുഷ ബന്ധത്തിൽ നിന്നുണ്ടാകുന്ന കുട്ടികളുടെ മാമ്മോദീസ

തിരുസ്സഭയുടെ നിയമമനുസരിച്ച് കത്തോലിക്കാസഭ അംഗീകരിക്കാത്ത സ്ത്രീപുരുഷ ബന്ധത്തിൽ (ഉദാ. രജിസ്റ്റർ വിവാഹം) ഉണ്ടാകുന്ന കുട്ടികൾക്ക് രൂപതാധ്യക്ഷന്റെ അനുമതിയോടെ മാമ്മോദീസ നൽകാവുന്നതാണ്. തല തൊടുന്നവരാണ് രൂപതാധ്യക്ഷൻ സമക്ഷം വികാരിയച്ചന്റെ ശുപാർശയോടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം മാതാപിതാക്കളുടെ സമ്മതപത്രവും കൂടെ സമർപ്പിക്കേണ്ടതാണ്.

നമ്മുടെ രൂപതയിൽ നാളിതുവരെ 5 വയസ്സായതിനുശേഷമാണ് ഇപ്രകാരമുള്ള മാമ്മോദീസ നൽകിയിരുന്നത്. സഭാനിയമം അനുവദിക്കുന്നതുകൊണ്ട് ജനനശേഷം നിയമാനുസൃതം അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽതന്നെ മാമ്മോദീസ നൽകുന്നതാണ്.

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

1519^A/14
03.12.14

# ഇടവക സ്ഥാപനം

## സെന്റ് മേരീസ് ചർച്ച്, മുത്രത്തിക്കര

മുത്രത്തിക്കര സെന്റ് മേരീസ് കുരിശു പള്ളി ഒരു ഇടവകയായി ഉയർത്തണമെന്ന ആ പ്രദേശത്തെ കത്തോലിക്കാവിശ്വാസികളുടെ 05.04.2014ലെ ബഹു. വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടിയ അപേക്ഷയുടെ വെളിച്ചത്തിലും, പറപ്പൂക്കര സെന്റ് ജോൺസ് ഫൊറോന പള്ളിയുടെ 06.04.2014ലെ പ്രതിനിധിയോഗത്തിന്റെ തീരുമാനം 4–ാം നമ്പർപ്രകാരം ബഹു. അച്ചനും കൈക്കാരന്മാരും സംയുക്തമായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലും 15–05–2014ൽ കൂടിയ രൂപതാ പ്രെസ്ബിറ്ററൽ കൗൺസിൽ വിഷയം ചർച്ച ചെയ്തു. തുടർന്ന് 2014 ആഗസ്റ്റ് മാസം 13–ാം തിയതി കൂടിയ രൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ ഇടവകയാക്കുവാനുള്ള നടപടികൾ ആരംഭിക്കുവാൻ നിർദ്ദേശിച്ചു. സെന്റ് മേരീസ് കുരിശുപള്ളിയുമായി ബന്ധപ്പെട്ടവർ സമർപ്പിച്ച അപേക്ഷയും, അതിർത്തികളെക്കുറിച്ചുള്ള വിവരണവും, അതിർത്തികൾ സൂചിപ്പിക്കുന്ന മാപ്പും പറപ്പൂക്കര ഫൊറോന പള്ളി ബഹു. വികാരിയച്ചന് റിപ്പോർട്ടിനായി 25.08.2014ൽ രൂപതാകാര്യാലയത്തിൽനിന്ന് അയച്ചുകൊടുത്തു. പറപ്പൂക്കര ഫൊറോനപള്ളിയിലെ 02.11.2014ലെ പ്രതിനിധിയോഗത്തിന്റെ അടിസ്ഥാനത്തിൽ 13.11.2014ൽ ബഹു. വികാരിയച്ചൻ നൽകിയ അപേക്ഷ, മുത്രത്തിക്കര സെന്റ് മേരീസ് കുരുശുപള്ളിയോട് ചേർന്നുകിടക്കുന്ന ദൈവജനത്തിന്റെ അഭിപ്രായങ്ങൾ, സമീപത്തുള്ള ഇടവകയായ നന്തിക്കര പള്ളി ബഹു. വികാരിയച്ചന്റെയും, രാപ്പാൾ സെന്റ് ജോർജ്ജ് കുരിശു പള്ളി പ്രതിനിധിയോഗാംഗങ്ങളുടെയും 13.06.2014 ലെ തീരുമാനങ്ങൾ, ഇരിങ്ങാലക്കുട രൂപത പ്രസിബിറ്ററൽ കൗൺസിലിന്റെ ശുപാർശ എന്നിവ രൂപതാകാര്യാലയം പഠിക്കുകയും, വിചിന്തനം ചെയ്യുകയും, വിലയിരുത്തുകയും ചെയ്തതിനുശേഷം, **മുത്രത്തിക്കര സെന്റ് മേരീസ് കുരിശുപള്ളിയെ മംഗലവാർത്ത നാലാം ഞായറാഴ്ചയായ 2014 ഡിസംബർ 21–ാം തിയ്യതി മുതൽ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തിയിരിക്കുന്നു. ഇടവക രൂപീകരണത്തിന് സഹകരിച്ച ഏവരെയും നന്ദിയോടെ ഓർക്കുന്നു. പരി. അമ്മയുടെ മാധ്യസ്ഥം വഴിയായി ഇടവക ജനത്തിനും ദേശത്തിനും ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.**

+ Pauly Kannookadan

**ഡോ. ക്ലമന്റ് ചിറയത്ത്**
ചാൻസലർ

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

1537/14
08.12.14

# ഇടവക സ്ഥാപനം

## സെന്റ് ജോസഫ് ചർച്ച്, കാക്കുളിശ്ശേരി

കാക്കുളിശ്ശേരി സെന്റ് ജോസഫ്സ് കുരിശുപള്ളി ഒരു ഇടവകയായി ഉയർത്തണമെന്ന ആ പ്രദേശത്തെ കത്തോലിക്കാ വിശ്വാസികളുടെ 27.10.2013 ലെ ബഹു. വികാരിയച്ചന്റെ ശുപാർശയോടുകൂടിയ അപേക്ഷയുടെ അടിസ്ഥാനത്തിലും പ്രസ്തുത അപേക്ഷയെ ആധാരമാക്കി തെക്കൻ താണിശ്ശേരി സെന്റ് സേവ്യേഴ്സ് പള്ളിയുടെ 10.11.2013ൽ കൂടിയ പ്രതിനിധിയോഗത്തിൽ എടുത്ത 9–ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബഹു. വികാരിയച്ചനും കൈക്കാരന്മാരുംകൂടി സമർപ്പിച്ച അപേക്ഷയുടെ വെളിച്ചത്തിലും 28.11.2013ൽ കൂടിയ രൂപത പ്രസ്ബിറ്ററൽ കൗൺസിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തു. 2014 ആഗസ്റ്റ് 13–ന് കൂടിയ രൂപത പ്രസ്ബിറ്ററൽ കൗൺസിൽ കാക്കുളിശ്ശേരി സെന്റ് ജോസഫ്സ് കുരിശുപള്ളിയെ സ്വതന്ത്ര ഇടവകയാക്കി ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തു. സെന്റ് ജോസഫ്സ് കുരിശുപള്ളി സമർപ്പിച്ച അപേക്ഷയും അതിർത്തികളെക്കുറിച്ചുള്ള വിവരണവും, അതിർത്തികൾ സൂചിപ്പിക്കുന്ന മാപ്പും, തെക്കൻ താണിശ്ശേരി പള്ളിയുടെ ബഹു. വികാരിയച്ചന് റിപ്പോർട്ടിനായി രൂപതാകാര്യാലയത്തിൽനിന്നും 12.09.2014ൽ അയച്ചുകൊടുത്തു. തെക്കൻ താണിശ്ശേരി പള്ളിയിലെ 12.10.2014ലെ പ്രതിനിധിയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14.10.2014ൽ ബഹു. വികാരിയച്ചനും കൈക്കാരനും കൂടി നൽകിയ അപേക്ഷ, കാക്കുളിശ്ശേരി കുരിശുപള്ളിയോട് ചേർന്നു കിടക്കുന്ന ദൈവജനത്തിന്റെ അഭിപ്രായങ്ങൾ, തുമ്പരശ്ശേരി, സ്നേഹഗിരി എന്നീ സമീപ ഇടവകകളുടെ ബഹു. വികാരിയച്ചന്മാരുടെയും പ്രതിനിധി യോഗാംഗങ്ങളുടെയും അനുവാദത്തോടുകൂടിയ തീരുമാനങ്ങൾ, ഇരിങ്ങാലക്കുട രൂപത പ്രസ്ബിറ്ററൽ കൗൺസിലിന്റെ ശുപാർശ എന്നിവ രൂപതാ കാര്യാലയം പഠിച്ച്, വിചിന്തനവും വിലയിരുത്തലും നടത്തിയശേഷം കാക്കുളിശ്ശേരി സെന്റ് ജോസഫ്സ് കുരിശുപള്ളിയെ **പിറവിത്തിരുനാൾ ഒന്നാം ആഴ്ചയിലെ ബുധനാഴ്ചയായ 2014 ഡിസംബർ 31–ാം തിയ്യതി മുതൽ ഒരു സ്വതന്ത്ര ഇടവകയായി ഉയർത്തിയിരിക്കുന്നു. ഇടവക രൂപീകരണത്തിന് സഹകരിച്ച ഏവരെയും നന്ദിയോടെ ഓർക്കുന്നു. വി. യൗസേപ്പിതാവിന്റെ മാധ്യസ്ഥം വഴിയായി ഇടവക ജനത്തിനും ദേശത്തിനും ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു.**

+ Pauly Kannookadan

**ഡോ. ക്ലമന്റ് ചിറയത്ത്**
ചാൻസലർ

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

Prot. No. 3033/2014

# ഇടയലേഖനം

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടി രിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

---

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.
മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെയുള്ള കാലഘട്ടത്തെ സമർപ്പിതരുടെ വർഷമായി പരിശുദ്ധപിതാവ്, ഫ്രാൻസിസ് മാർപാപ്പാ, പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സന്ദർഭ ത്തിൽ സമർപ്പിതജീവിതത്തെക്കുറിച്ച് ചില ആമുഖചിന്തകൾ സഭാ മക്കൾക്ക് നൽകുവാൻ ആഗ്രഹിക്കുകയാണ്. സമർപ്പിത വർഷത്തിൽ നടക്കാനിരിക്കുന്ന പഠനങ്ങൾക്കും വിചിന്തനങ്ങൾക്കും നവീകരണ പരിപാടികൾക്കും ഈ ആമുഖചിന്തകൾ ഉപകരിക്കുമെന്ന് കരുതട്ടെ.

തിരുസഭയുടെ ആരംഭം മുതലേ സഭയിൽ നിലനിന്നിരുന്ന ഒരു ജീവിതരീതിയാണ് സന്യാസം. ക്രിസ്തീയ സന്യാസം മൗലികമായി സുവിശേഷത്തിലെ ക്രിസ്തുവിനെ അടുത്തനുഗമിക്കലാണ്, അനുകരിക്കലാണ്. സന്യാസജീവിതത്തെ ദൈവം മുൻകൈ എടുത്ത് നടത്തുന്ന ഒരാഹ്വാനത്തിന്റെ പശ്ചാത്തലത്തിലേ മനസ്സിലാക്കാൻ സാധിക്കൂ. പിതാവായ ദൈവം പരിശുദ്ധാത്മാവിലൂടെ സഭയ്ക്കു നല്കുന്ന ദാനമാണിത് (സമർപ്പിതജീവിതം 1). അന്ത്യ അത്താഴ വേളയിൽ ഈശോ ശിഷ്യൻമാരോടു പറഞ്ഞു, നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ 15:16). അവിടുന്ന് വിളിക്കുന്നത് അവിടുത്തെ അനുഗമിക്കാനാണ്. വിളിക്കപ്പെടുന്നവർ എല്ലാം ഉപേക്ഷിക്കണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. സ്വന്തമെന്ന്, ഏറ്റവും പ്രധാന പ്പെട്ടതെന്ന് മനുഷ്യൻ കരുതുന്നതെല്ലാം ഉപേക്ഷിക്കണ മെന്നതാണ് ശിഷ്യത്വത്തിന്റെ അടിസ്ഥാനമായി ഈശോ പറയുക(ലൂക്ക 14:26).

സുവിശേഷോപദേശങ്ങളനുസരിച്ച് കൂടുതൽ സ്വാതന്ത്ര്യ ത്തോടെ ക്രിസ്തുവിനെ പിൻചെല്ലാനും അവിടുത്തെ അടുത്തനുക

രിക്കാനും ജീവിതം പരിപൂർണ്ണമായി സമർപ്പിച്ച സ്ത്രീപുരുഷാർ സഭയുടെ ആദ്യകാലം മുതൽ ജീവിച്ചിരുന്നു. ഏകാന്തവാസം, വനവാസം, ഭിക്ഷുചര്യ, സന്യസ്ഥാശ്രമം, സമർപ്പിത സമൂഹം എന്നിങ്ങനെ പലരീതികളിൽ സന്യാസ ജീവിതം ക്രൈസ്തവ സഭകളിൽ നിലനില്ക്കുന്നുണ്ട്. ഇവയിൽ ആശ്രമശൈലിയും സമൂഹശൈലിയുമാണ് ഇന്ന് കൂടുതൽ പ്രാബല്യത്തിലുള്ളത്. ക്രൈസ്തവ സന്യാസവും ഇതരമതങ്ങളിലെ സന്യാസജീവിത ശൈലിയും തമ്മിൽ സാധർമ്മ്യങ്ങൾ പലതുണ്ടെങ്കിലും വ്യത്യസ്തത കൾ ഏറെയാണ്. ലോകത്തോടുള്ള വിരക്തി ഹൈന്ദവ-ബുദ്ധമതങ്ങ ളിലെ സന്യാസത്തിന്റെ പ്രധാന സവിശേഷതയാണ്. 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധംവരെ ലൗകിക സുഖസന്തോഷങ്ങളോടുള്ള വിരക്തിയായിരുന്നു ക്രൈസ്തവസന്യാസത്തിന്റെയും ഊന്നൽ. ക്രിസ്തുവിനെ അടുത്തനുകരിക്കുന്നവർക്ക് ലൗകിക സുഖങ്ങളിൽ മുഴുകി ജീവിക്കുക സാദ്ധ്യമല്ല എന്ന ബോദ്ധ്യമാണ് ഈ ചിന്തയ്ക്കു പിന്നിലുള്ളത്. പിന്നീട് സന്യാസസമർപ്പണത്തിന്റെ സുവിശേഷാനു സൃതമുള്ള സ്വഭാവം തേടിയുള്ള നവീകരണ പരിശ്രമങ്ങളുടെ ഫലമായി സുഖസന്തോഷങ്ങളോടുള്ള വിരക്തിയോടൊപ്പം ദൈവ ത്തോടും ദൈവരാജ്യത്തോടുമുള്ള അർപ്പണത്തിനും ക്രൈസ്തവ സന്യാസം കൂടുതൽ പ്രാധാന്യം നല്കിത്തുടങ്ങി. ദൈവഹിത മനുസരിച്ചുള്ള ജീവിതത്തിന്റെ ഒരു തീവ്രമായ ശൈലിയായി ഇന്ന് ക്രൈസ്തവ സന്യാസ സമർപ്പണം വിവക്ഷിക്കപ്പെടുന്നു.

ക്രിസ്തുവാണ് സന്യാസസമർപ്പണജീവിതത്തിൽ സമർപ്പിതർ ക്ക് മാതൃക. അവിടുന്ന് ഭക്ഷിക്കുന്നവനും പാനംചെയ്യുന്നവനുമായി വന്നു. എന്നാൽ ദരിദ്രനായി ജീവിക്കുകയും ദരിദ്രരോട് സഹവസിക്കു കയും ചെയ്തു. അവിടുന്ന് പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനു വേണ്ടി തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കുകയും ബ്രഹ്മചാരി യായി ജീവിക്കുകയും ചെയ്തു. ദൈവഹിതത്തോടുള്ള പൂർണ്ണ വിധേ യത്വത്തിലായിരുന്നു ക്രിസ്തുവിന്റെ ജീവിതം. ഇപ്രകാരം അനുസര ണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുകൃതങ്ങൾ വ്രതമായി സ്വീക രിച്ച് ആശ്രമങ്ങളിലോ സന്യാസഭവനങ്ങളിലോ ജീവിക്കുന്നവരെ യാണ് ക്രൈസ്തവസഭ വിശേഷിച്ചും കത്തോലിക്കാ സഭ സന്യസ്ത്യരെന്ന് വിളിക്കുന്നത്. സമർപ്പിതജീവിതക്കാരെന്നും അവർ വിശേഷിപ്പിക്കപ്പെടുന്നു. മലമുകളിൽ പ്രാർത്ഥിക്കുകയും ജനങ്ങ ളോടു ദൈവരാജ്യം പ്രസംഗിക്കുകയും പാപികളെ നേർവഴിക്കു തിരിക്കുകയും ശിശുക്കളെ അനുഗ്രഹിക്കുകയും എല്ലാവർക്കും

നന്മചെയ്യുകയും തന്നെ അയച്ച പിതാവിന്റെ അഭീഷ്ടം നിറവേറ്റു കയും ചെയ്ത ക്രിസ്തുശൈലിയാകണം സന്യസ്തരുടേ തെന്ന് രണ്ടാം വത്തിക്കാൻകൗൺസിൽ ഓർമ്മിപ്പിക്കുന്നു (തിരുസഭ 46).

സമർപ്പിതജീവിതക്കാരായ ഓരോ സന്യാസസമൂഹത്തിനും അതിന്റേതായ സവിശേഷവരം (Charism) ഉണ്ടായിരിക്കും. ഓരോ സമൂഹത്തിന്റെയും സ്ഥാപകരാണ് ഈ കാരിസം കണ്ടെത്തുന്നത്. അനുയായികൾ അതു സ്വീകരിച്ച് ജീവിക്കുകയും ചെയ്യുന്നു. എല്ലാ സന്യാസസമൂഹങ്ങളുടെയും കാരിസങ്ങൾ ക്രിസ്തു പ്രസംഗിക്കു കയും സാക്ഷ്യപ്പെടുത്തുകയും ചെയ്ത സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കും. സുവിശേഷ പ്രഘോഷണം, വിശ്വാസ പരിശീലനം, കാരുണ്യപ്രവർത്തനം, കുടുംബപ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, അനാഥരുടെ സംരക്ഷണം ഇങ്ങനെ യുള്ള സവിശേഷവരങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ കാരിസ മായി സ്വീകരിച്ച് ജീവിക്കുന്ന അനേകം സമർപ്പിതരുടെ സമൂഹങ്ങൾ സഭയിൽ പ്രവർത്തനനിരതമാണ്. പ്രസ്തുത പ്രവർത്തനങ്ങൾ നിർവ്വ ഹിക്കുന്നതിനു വേണ്ടിയുള്ള സ്ഥാപനങ്ങളും ഈ സന്യാസ സമൂഹ ങ്ങൾ നടത്തിവരുന്നു. സന്യാസസമൂഹങ്ങളുടെ പ്രവർത്തനങ്ങളിലൂ ടെയാണ് സഭയുടെ സ്നേഹസാക്ഷ്യം വളരെയേറെ പ്രാവർത്തിക മാകുന്നത്. സഭയിൽ സുവിശേഷമൂല്യങ്ങൾ ശോഷണമില്ലാതെ സജീവമാക്കി നിലനിർത്തുന്ന വലിയ സാക്ഷ്യങ്ങൾ സമർപ്പിതർ നല്കുന്നതിനാലാണ് സഭയിൽ സമർപ്പിതർക്ക് സവിശേഷമായ സ്ഥാനമുണ്ട് എന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത് (തിരുസഭ 43, സന്യാസജീവിതം 1).

വൈദികരുടേതായ സമർപ്പിത സമൂഹങ്ങളുണ്ട്; ബ്രഹ്മചാരിക ളായ അവൈദികരുടെ സന്യാസസമൂഹങ്ങളുണ്ട്; സ്ത്രീകളുടെ സമർപ്പിതസമൂഹങ്ങളുമുണ്ട്. ഏകസ്ഥരും പ്രേഷിതപ്രവർത്തനങ്ങൾ നിർവ്വഹിച്ചുകൊണ്ട് ബ്രഹ്മചര്യജീവിതം നയിക്കുന്ന പുരുഷാരുടെ യും സ്ത്രീകളുടേതുമായ ജീവിതാന്തസ്സുകളും കത്തോലിക്കാ സഭയിലുണ്ട്. ഇങ്ങനെയുള്ളവർ ചില സന്ദർഭങ്ങളിൽ ഒന്നിച്ചുകൂടി തങ്ങളുടെ സമർപ്പിതജീവിതത്തെ നവീകരിക്കാനുള്ള കർമ്മപരിപാടി കളിൽ ഏർപ്പെടുന്നു. എല്ലാ സമർപ്പിതരുടെയും ജീവിതലക്ഷ്യം ദൈവത്തിന്റെ മഹത്വവും തങ്ങളുടെതന്നെ വിശുദ്ധീകരണവും ദൈവ രാജ്യത്തിന്റെ വളർച്ചയും സകലജനങ്ങളുടെയും സുസ്ഥിതിയുമാണ്.

സന്യാസജീവിതത്തിന്റെ ആരംഭത്തിൽ വൈദികശുശ്രൂഷ ഒരു

ആവശ്യഘടകമായി കരുതപ്പെട്ടിരുന്നില്ല. ഇന്നും സന്യാസത്തിന് പൗരോഹിത്യം ആവശ്യഘടകമല്ല. പുരുഷന്മാർക്കുവേണ്ടിയുള്ള ബഹുഭൂരിപക്ഷം സമർപ്പിതസമൂഹങ്ങളിലും വൈദികരാണ് അംഗങ്ങളിൽ ഏറെയും എന്നതിനാൽ സന്യാസികൾ വൈദികരായിരിക്കണമെന്നുള്ള ചിന്ത സഭാംഗങ്ങളുടെ ഇടയിലുണ്ട്. അതിനാൽ തന്നെ വൈദികരല്ലാത്ത സന്യാസ സഹോദരങ്ങൾക്ക് എന്തോ കുറവുണ്ടെന്ന മട്ടിൽ ചിന്തിക്കുന്നവരുമുണ്ട്. സമർപ്പിത ജീവിതത്തിൽ എല്ലാ സന്യസ്തരും വൈദികരും അവൈദികരും തുല്യരാണെന്ന ചിന്ത നിലനിർത്തിക്കൊണ്ട് വൈദികരെപ്പോലും സഹോദരൻ എന്നു മാത്രം വിശേഷിപ്പിക്കുന്ന പതിവാണ് ഫ്രാൻസിസ്കൻ സന്യാസ സമൂഹങ്ങൾക്കുള്ളത്. അവയിൽ പലരും അവൈദികരായ തങ്ങളുടെ സമൂഹാംഗങ്ങളെ ഉന്നതാധികാരികളായും തെരഞ്ഞെടുക്കാറുണ്ട്. കപ്പൂച്ചിൻ സഭയിലും ഫ്രാൻസിസ്കൻ മൂന്നാംസഭയിലും അപ്രകാരമുള്ള സഹോദരന്മാർ Minister Generalമാരായി പ്രവർത്തിക്കുന്നുണ്ട്. അവൈദികരായ സന്യാസസഹോദരന്മാർ വൈദികരായ സന്യസ്തരെപ്പോലെ തന്നെ കർത്താവായ ഈശോമിശിഹായെ തീവ്രമായി അനുകരിക്കുകയും തങ്ങളുടെ ജീവിതങ്ങളെ സ്നേഹസാക്ഷ്യമായി സമർപ്പിക്കുകയും ചെയ്യുന്നവരാണ്. പൗരോഹിത്യവരം ഇല്ലാത്തതുകൊണ്ട് അവർ വിശുദ്ധ കുർബാനയും മററു കൂദാശകളും പരികർമ്മം ചെയ്യുന്നില്ല. അജപാലകരായ വൈദികരോടും സമർപ്പിതരായ സന്യാസിനികളോടും അല്മായ ജനത്തോടും സഹകരിച്ച് അജപാലന പ്രവർത്തനങ്ങളിലും പ്രേഷിതപ്രവർത്തനങ്ങളിലും വ്യാപൃതരാകുന്നവരാണ് നമ്മുടെ സഭയിലെ സമർപ്പിതരായ അവൈദിക സഹോദരന്മാർ.

സീറോമലബാർസഭ സമർപ്പിതദൈവവിളിയുടെ ഏറ്റവും വളക്കൂറുള്ള മണ്ണായി അറിയപ്പെട്ടിരുന്നു. നമ്മുടെ സഭയിൽനിന്ന് സമർപ്പിതദൈവവിളി സ്വീകരിച്ച ഏകദേശം അയ്യായിരത്തോളം സന്യാസവൈദികരും മുപ്പത്തിമുവായിരത്തോളം സന്യാസിനികളും നൂറ്റിഎഴുപതോളം സന്യാസസഹോദരാരും ഇപ്പോഴുണ്ട്. എന്നാൽ അടുത്തകാലങ്ങളിൽ നമുക്ക് സമർപ്പിതദൈവവിളിയിൽ കാര്യമായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. കുടുംബമാണ് എല്ലാ വിളികളിലേക്കുമുള്ള മക്കളെ രൂപപ്പെടുത്തുന്നത്. കുടുംബം നേരിടുന്ന ഏത് പ്രതിസന്ധികളും ദൈവവിളികളെ സ്വാധീനിക്കും. കുട്ടികളുടെ എണ്ണത്തിൽ വന്നിരിക്കുന്ന ഭീതിതമായ കുറവ് കണ്ടില്ലെന്ന്

നടിക്കരുത്. ചിലപ്പോഴെങ്കിലും സോഷ്യൽ മീഡിയകളിലും കുടുംബ സദസ്സുകളിലും സമർപ്പിതരെ അകാരണമായി പരിഹസിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതും സമർപ്പിതദൈവവിളി സ്വീകരിക്കുന്നവരുടെ എണ്ണം കുറയുന്നതിനു കാരണമാകുന്നു.

വൈദികരും വിശ്വാസപരിശീലകരും സമർപ്പിതജീവിതത്തിന്റെ സവിശേഷതകൾ വിശ്വാസസമൂഹത്തെ പൊതുവായും കുഞ്ഞുങ്ങളെ പ്രത്യേകമായും പഠിപ്പിക്കുകയും ദൈവവിളികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. മാതാപിതാക്കൾ മക്കളെ ക്രിസ്തീയ പുണ്യങ്ങളിൽ വളർത്തിക്കൊണ്ട് അവരിൽ സമർപ്പിത ജീവിതത്തിലേക്കുള്ള വിളി പരിപോഷിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. അതുപോലെ സമർപ്പിതർക്ക് തങ്ങളുടെ ജീവിത മാതൃകവഴി മറ്റുള്ളവരെ സമർപ്പിത ജീവിതത്തിലേക്ക് ആകർഷിക്കാനും സാധിക്കണം.

രണ്ടാം വത്തിക്കാൻകൗൺസിൽ ആഹ്വാനം ചെയ്യുന്നതു പോലെ സ്ഥിരവും വിനീതവുമായ വിശ്വസ്തതയോടെ ദൈവത്തിന് അർപ്പിതമായ ജീവിതം നയിക്കുകയും ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയ്ക്ക് അലങ്കാരമെന്നവണ്ണം വിരാജിക്കുകയും ചെയ്തുകൊണ്ട് ആശ്രമങ്ങൾ, വിദ്യാലയങ്ങൾ, മിഷൻരംഗങ്ങൾ എന്നിവിടങ്ങളിൽ സകലജനതയെയും വിവിധതരത്തിൽ ഉദാരമായി സേവിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും സഹോദരീ സഹോദരന്മാരെയും സന്യാസിനിസന്യാസികളെയും നമുക്കു പ്രോത്സാഹിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യാം (തിരുസഭ 46). സമർപ്പിതവർഷത്തിൽ സന്യസ്തരായ നമ്മുടെ സഹോദരീ സഹോദരന്മാരുടെ ശുശ്രൂഷകളോടൊപ്പം സഭാമക്കൾ എല്ലാവരുടെയും ശുശ്രൂഷകൾ നവീകരിക്കപ്പെടുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

NB: ഈ ഇടയലേഖനം ജനുവരി മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# സമർപ്പിതരുടെ വർഷം
## പ്രാർത്ഥനകൾ

**വിശുദ്ധ കുർബാനയിൽ വിശ്വാസികളുടെ പ്രാർത്ഥനയിൽ ചൊല്ലുവാൻ**

"എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്നരുൾച്ചെയ്ത ഈശോയേ, അങ്ങേക്ക് പ്രത്യേകമാംവിധം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന എല്ലാ സമർപ്പിതരെയും ഈ തിരുബലിയിൽ ഞങ്ങൾ കാഴ്ചവയ്ക്കുന്നു. ഞങ്ങൾ ആചരിക്കുന്ന സമർപ്പിതരുടെ വർഷം തിരുസ്സഭയുടെ വളർച്ചയ്ക്കും ദൈവമഹത്വത്തിനും കാരണമാകട്ടെ. സമർപ്പിതരുടെ പ്രതിഷ്ഠാജീവിതം തിരുസ്സഭയ്ക്ക് അനുഗ്രഹവും ലോകത്തിനു രക്ഷയുമായി മാറുവാൻ ഇടയാക്കണമേ. പുതിയ സമർപ്പിത ദൈവവിളികൾ കൊണ്ട് സഭയെ അനുഗ്രഹിക്കാൻ ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു.

**സമർപ്പിതസമൂഹങ്ങളിൽ ചൊല്ലുവാനുള്ള പ്രാർത്ഥന**

സമ്പൂർണസമർപ്പണത്തിന്റെ ഉത്തമമാതൃകയും ഞങ്ങളുടെ ആത്മീയമണവാളനുമായ ഈശോയേ, അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ സുവിശേഷോപദേശങ്ങൾ ജീവിതവ്രതമായി സ്വീകരിച്ചു കൊണ്ട് അങ്ങയെ അനുകരിക്കുവാൻ അവിടന്ന് ഞങ്ങൾക്ക് നല്കിയ സന്ന്യാസം എന്ന മഹാദാനത്തിന് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. സ്നേഹനാഥാ, സ്നേഹത്തിൽ സ്വയം ദാനംചെയ്യുന്ന പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങ് ഞങ്ങളിൽ വന്ന് വാഴുകയും ഞങ്ങളെ സ്വന്തമാക്കുകയും ചെയ്യണമേ. പരിപൂർണസ്നേഹത്തിലൂടെ ദൈവത്തിനു മഹത്ത്വവും മനുഷ്യർക്കു സേവനവും അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. എല്ലാ ദൈവവിളികൾക്കും വേദിയായ ഞങ്ങളുടെ കുടുംബങ്ങളെ സ്നേഹത്തിലും ഐക്യത്തിലും വളർത്തണമേ. ഞങ്ങളുടെ മാതാപിതാക്കന്മാരെയും സഹോദരങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ലൗകികമായ യാതൊരു ശക്തിക്കും എടുത്തുമാറ്റാൻ കഴിയാത്ത പ്രത്യാശയുടെ അടയാളമായി ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

**സമർപ്പിതർക്കുവേണ്ടിയുള്ള കുടുംബങ്ങളുടെ പ്രാർത്ഥന**

സമ്പൂർണസമർപ്പണത്തിന്റെ ഉത്തമ മാതൃകയായ ഈശോയേ, ലോകം മുഴുവനിലുമുള്ള എല്ലാ സമർപ്പിതരേയുമോർത്ത് ഞങ്ങൾ അങ്ങേക്ക് നന്ദി പറയുന്നു. അങ്ങയുടെ അളവില്ലാത്ത അനുഗ്രഹം അനുനിമിഷം അവരിലേക്ക് വർഷിച്ചാലും. അവിടത്തെ വിശാലമായ വിളഭൂമിയിൽ വേലചെയ്യുവാൻ വേണ്ട ആത്മശരീരനൈർമ്മല്യവും അങ്ങയിൽ ദൃഷ്ടിയുറപ്പിച്ച് അങ്ങയുടെ കാലടികൾ പിൻതുടരുവാൻ വേണ്ട ആത്മീയകരുത്തും ആരോഗ്യവും അവർക്കു നല്കണമേ. നാടും വീടും ഉപേക്ഷിച്ച് വിദൂരസ്ഥലങ്ങളിൽ അങ്ങേക്കായി അദ്ധ്വാനിക്കുന്ന സമർപ്പിതർക്ക് അങ്ങേ തിരുഹൃദയത്തിൽ സംരക്ഷണമേകണമേ. വിശുദ്ധരാകുവാനും അനേകരെ വിശുദ്ധിയിലേക്ക് നയിക്കുവാനുമുള്ള അവരുടെ പരിശ്രമങ്ങളെ ഫലസമ്പൂർണമാക്കണമേ. സമർപ്പിതജീവിതത്തിന്റെ ഫലങ്ങളാസ്വദിച്ചുകൊണ്ട് അങ്ങയെ അടുത്തനുകരിക്കുവാൻ ഇനിയും ധാരാളം മക്കളെ ഈ ജീവിതാന്തസ്സിലേക്ക് വിളിക്കണമേ. കർത്താവായ ക്രിസ്തു വഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർത്ഥന കേട്ടരുളേണമേ. ആമ്മേൻ.

## പാക്സ്

| | | |
|---|---|---|
| January | 5, 6, 7 | - Pre Cana |
| " | 12, 13, 14 | - Pre Cana |
| " | - 19, 20, 21 | - Pre-Cana |

**ഫാ. ജോജി കല്ലിങ്ങൽ**
ഡയറക്ടർ

## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. പോൾ ആലപ്പാട്ട് | 26-01-1981 |
| റവ. ഫാ. ജോൺ അമ്പൂക്കൻ | 05-01-1998 |
| റവ. ഫാ. ജെയിംസ് എളങ്കുന്നപ്പുഴ | 09-01-2001 |
| റവ. ഫാ. ജോൺ അരിക്കാട്ട് | 10-01-2002 |
| റവ. ഫാ. ജോസഫ് കിഴക്കുംതല | 04-01-2003 |
| റവ. ഫാ. ജോസഫ് മാളിയേക്കൽ | 05-01-2011 |

# 2015 ജനുവരി 15 കർഷകദിനം
## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

എല്ലാവർഷവും ജനുവരി 15–ന് കർഷക ദിനമായി കേരള സഭ ആചരിക്കുകയാണല്ലോ. ഈ ദിനത്തോട് അനുബന്ധിച്ച് കർഷി കമേഖലയുമായി ബന്ധപ്പെട്ട ചിലകാര്യങ്ങൾ നിങ്ങളുമായി പങ്കു വെക്കുവാനാണ് ഈ സർക്കുലർ.

കേരളത്തിലെ കാർഷിക മേഖല ഇന്നു നേരിടുന്ന സങ്കീർണ്ണ മായ പ്രശ്നങ്ങളിലേയ്ക്ക് നിങ്ങളുടെ സത്വരമായ ശ്രദ്ധ ക്ഷണി ക്കാനാണ് ഈ സർക്കുലർ എഴുതുന്നത്. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽ സമാനമായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് ഇൻഫാം എന്ന കർഷകപ്രസ്ഥാനത്തിന് നാം രൂപം കൊടുത്തത്. അസംഘടിതരും അവകാശങ്ങളെക്കുറിച്ച് അവബോധമില്ലാതിരുന്ന വരുമായ കർഷകരെ സംഘടിപ്പിക്കാനും അതുവഴി അവകാശ ങ്ങൾക്കുവേണ്ടി ജാതിമത കക്ഷിരാഷ്ട്രീയത്തിനതീതമായി കൂട്ടായ ശബ്ദമുയർത്തുവാനും ഇൻഫാമിന്റെ നേതൃത്വത്തിൽ നമുക്ക് കഴിഞ്ഞു എന്നത് ഏവർക്കുമറിയാമല്ലോ. ഇതിനോടകം സർക്കാർ നടപ്പിലാക്കിയ കാർഷിക പെൻഷൻ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചതും അതിനായി കർഷകർ സമരരംഗത്തിറങ്ങിയതും ഇൻഫാമിന്റെ നേതൃത്വത്തിലാണ്. ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ആയിരക്കണക്കിന് സ്വാശ്രയസംഘങ്ങൾ കേരളത്തി ലുടനീളം ശക്തമായ കർഷകകൂട്ടായ്മകളായി മാറിയതും ഓർമ്മ യിലുണ്ട്. മലയോര ഗ്രാമങ്ങളിലെ കർഷകർ വർഷങ്ങളായി നേരി ട്ടുവരുന്ന വന്യമൃഗശല്യത്തിനെതിരായ മുന്നേറ്റത്തിന്റെ നേതൃത്വ ത്തിലും ഇൻഫാം ഉണ്ടായിരുന്നു.

അനിയന്ത്രിതമായ പാമോയിൽ ഇറക്കുമതിയിലൂടെ കേര കർഷകർ പീഢിപ്പിക്കപ്പെട്ടപ്പോൾ പാമോയിൽ ബഹിഷ്കരിച്ചു കൊണ്ടും ഐതിഹാസികമായ തുറമുഖ ഉപരോധസമരത്തിലൂ ടെയും ഇൻഫാം രംഗത്തിറങ്ങി. കഴിഞ്ഞ ദശകത്തിന്റെ ആരംഭത്തിൽ റബർവില കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ റബർ കയറ്റുമതി ചെയ്യാൻ ഇൻഫാം മുന്നോട്ടിറങ്ങിയത് റബർ വിപണിയിൽ കാര്യ മായ ഗുണഫലങ്ങൾ ഉളവാക്കിയ നീക്കങ്ങളായിരുന്നല്ലോ.

കർഷകർ സംഘടിതമായി മുന്നോട്ടിറങ്ങിയാൽ ക്രിയാത്മ കമായ പല മാറ്റങ്ങളും സാധ്യമാകും എന്നു വ്യക്തമാക്കാനാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. എന്നാൽ കാർഷിക മേഖല

മുൻപെങ്ങും ഉണ്ടായിട്ടില്ലാത്തവിധം തകർച്ചയെ അഭിമുഖീകരിക്കുകയാണിപ്പോൾ. കേന്ദ്രസർക്കാരുകളുടെ കർഷകദ്രോഹപരമായ റബർ ഇറക്കുമതി നയംമൂലം റബറിന്റെ വില മുൻ വർഷത്തേക്കാൾ പകുതിയോളമായി ചുരുങ്ങി എന്നത് കർഷകരുടെ സകല പ്രതീക്ഷയേയും കൃഷിയുടെ ഭാവിയേയും തകിടം മറിച്ചിരിക്കുകയാണ്. വ്യവസായ ലോബികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി പ്രതിവർഷം ആവശ്യമായ ഇറക്കുമതിയുടെ ഏഴിരട്ടിവരെ റബർ ഇറക്കുമതി ചെയ്യാൻ സർക്കാർ അനുവദിക്കുന്നതാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു പ്രധാന കാരണം. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ റബറിന്റെ ഇറക്കുമതിയിലെ വികലമായ നയങ്ങൾ ഉടനടി തിരുത്തപ്പെടുന്നില്ലെങ്കിൽ സംസ്ഥാനത്തെ ആയിരക്കണക്കിന് കർഷകകുടുംബങ്ങൾ പട്ടിണിയിലാകും. റബറിനെ വ്യവസായ ഉല്പന്നത്തിൽ നിന്ന് ഒഴിവാക്കി, കാർഷിക ഉല്പന്നമായി കണ്ട് റബർ തടി മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാൻ അനുവദിച്ചാൽ റബർ കർഷകർക്ക് അല്പമെങ്കിലും ആദായമാകും. ഉല്പന്നങ്ങളുടെ വിലയിടിവിനു പുറമെ സ്വന്തം കൃഷി ഭൂമിയുടെ സ്വതന്ത്രവിനിയോഗത്തിനുവേണ്ടി ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മീഷനുകളുടെയും ഉദ്യോഗസ്ഥലോബികളുടെയും ദയാദാക്ഷിണ്യത്തിനു കാത്തുനിൽക്കേണ്ട ഗതികേടും പശ്ചിമഘട്ടത്തിലെ സാധാരണ കർഷകകുടുംബങ്ങൾ നേരിടുന്നു.

തീരദേശജനതയും വലിയൊരു ജീവിത പ്രതിസന്ധിയിലാണിന്ന്. തീരദേശനിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കുമെന്ന സർക്കാർ ഉറപ്പ് ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ല. ഈ വിജ്ഞാപനം മൂലം തീരദേശവാസികൾക്ക് വീടുകൾ പുതുക്കിപണിയുന്നതിനോ പുതിയ വീട് നിർമ്മിക്കുന്നതിനോ സാധ്യമല്ലാത്ത സാഹചര്യമാണ്.

തീരദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും മത്സ്യസമ്പത്തും സംരക്ഷിക്കപ്പെടണം. എന്നാൽ കടലിന്റെയും കായലുകളുടെയും തീരങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന ജനങ്ങളെ വിസ്മരിക്കരുത്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും തീരത്തെ ജനസാന്ദ്രതയും പരിഗണിച്ച് വിജ്ഞാപനത്തിലെ വനനിർമ്മാണത്തിനായുള്ള ദൂരപരിധി നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കണം. പരമ്പരാഗത ചെറുകിട മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് വെല്ലുവിളിയുയർത്തുന്ന നിർദ്ദേശങ്ങൾ ചെറുകിട മത്സ്യമേഖലയെ തകർക്കുന്നതും കടലിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ രക്ഷയ്ക്കുള്ള

ഏക പരിഹാരം മലയോരങ്ങളിലും തീരദേശങ്ങളിലും ഇടനാട്ടിലും ജീവിക്കുന്ന ജനസമൂഹം ഒരു മനസ്സോടെ സംഘടിത ശക്തിയാവുക എന്നതുമാത്രമാണ്.

ഇൻഫാം എന്ന പ്രസ്ഥാനത്തെ പഞ്ചായത്തുതലം മുതൽ കൂടുതൽ കാര്യക്ഷമമായി സജീവമാക്കുവാനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കിവരികയാണ്. സംസ്ഥാന തലത്തിലും ദേശിയ തലത്തിലും ഇൻഫാം പ്രവർത്തനം ശക്തമാക്കുവാൻ കഴിഞ്ഞ ദേശിയ സമിതി തീരുമാനിച്ചിരിക്കുകയാണ്. മറ്റ് കർഷക സംഘടനകളുമായി സഹകരിച്ച് കൂട്ടായ ശ്രമത്തിലൂടെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നേടുവാനും ഗവർമെന്റുമായി സഹകരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുവാനും ആലോചിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകളിലെ വാർഡുകൾ അടിസ്ഥാനമാക്കി ജാതിമത കക്ഷി രാഷ്ട്രീയത്തിനതീതമായി കാർഷിക കടലോര മേഖലകളിലെ മുഴുവൻ അദ്ധ്വാനജനവിഭാഗങ്ങളേയും അണിനിരത്തിക്കൊണ്ട് സംഘടിതശക്തിയായി ഇൻഫാമിനെ മാറ്റുവാനും വളർത്തിയെടുക്കുവാനും നാം ഒത്തൊരുമയോടെ രംഗത്തിറങ്ങേണ്ടതുണ്ട്. അതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും/രൂപതകളിലും പ്രത്യേകം ഡയറക്ടർമാരെ നിയമിച്ച് അഭിവന്ദ്യ പിതാക്കന്മാർ സഹകരിക്കുന്നതാണ്. ഇരുപത്/പത്ത് അംഗങ്ങൾ അടങ്ങുന്ന അടിസ്ഥാന യൂണിറ്റുകൾ വാർഡുകൾ തോറും സ്ഥാപിച്ച് ഇൻഫാമിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുമല്ലോ. ഫെബ്രുവരി അവസാനത്തോടെ ജില്ലാതല സംഗമങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്. 2015 ജനുവരി 15-ന് കർഷകദിനമായി ആചരിക്കുന്നതും സംസ്ഥാനതല നേതൃസംഗമം ചേരുന്നതുമാണ്.

നമ്മെ രക്ഷിക്കുവാൻ നാം തന്നെ മുന്നോട്ടിറങ്ങണമെന്ന അടിസ്ഥാന തത്വം നമുക്കു മറക്കാതിരിക്കാം. ജനങ്ങളുടെ ജീവനും, ജീവിതത്തിനും വെല്ലുവിളികളുയരുമ്പോൾ ശക്തമായ ഇടപെടലുകൾ അടിയന്തരമാണ്. ജനനന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ എല്ലാ ഉദ്യമങ്ങളേയും ശുശ്രൂഷകളേയും ധാരാളമായി ദൈവം അനുഗ്രഹിക്കുമെന്ന് എനിക്കുറപ്പുണ്ട്.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,
**ബിഷപ്പ് മാർ മാത്യു അറയ്ക്കൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

NB : ജനുവരി മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച കുർബാന മദ്ധ്യേ ഈ സർക്കുലറിലെ പ്രസക്തഭാഗങ്ങൾ ദൈവജനത്തെ അറിയിക്കുമല്ലോ.

# മദ്ധ്യപൗരസ്ത്യരാജ്യങ്ങളിൽ മതപീഡനം നേരിടുന്ന ക്രിസ്ത്യാനികളോട് കേരള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ആരാധനക്രമവർഷത്തിലെ ഏറ്റവും സന്തോഷകരമായ കാലമാണല്ലോ യേശുവിന്റെ പിറവിക്കാലം. രക്ഷകന്റെ ജനനം സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷവാർത്ത (ലൂക്കാ 2:10) ആയിരുന്നു. എങ്കിലും, യേശു ജനിച്ച ദിവസംതന്നെ നൂറുകണക്കിന് നിഷ്കളങ്കരായ പിഞ്ചുപൈതങ്ങൾക്കു യേശുവിനുവേണ്ടി ജീവൻ നഷ്ടപ്പെടേണ്ടിവന്നുവെന്നതും ക്രിസ്തുമസ് വിവരണത്തിന്റെ ഭാഗമാണല്ലോ.

കേരളത്തിൽ നാം സ്വച്ഛമായി ക്രിസ്തുമസ് ആഘോഷങ്ങളിൽ മുഴുകുമ്പോൾ, മദ്ധ്യപൗരസ്ത്യദേശങ്ങളായ സിറിയ, ഇറാഖ്, ഈജിപ്ത് എന്നീ രാജ്യങ്ങളിലെ ക്രിസ്ത്യാനികൾ അതിക്രൂരമായ മതപീഡനം നേരിട്ടുകൊണ്ടിരിക്കുകയാണ്. വത്തിക്കാനിൽനിന്നും പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ഒരുവർഷം ശരാശരി ഒരുലക്ഷം ക്രിസ്ത്യാനികൾ ലോകമെങ്ങും വിശ്വാസത്തെപ്രതി കൊല്ലപ്പെടുന്നുണ്ട്.

നമ്മുടെ കർത്താവും പരിശുദ്ധ അമ്മയും ശ്ലീഹന്മാരുമൊക്കെ ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്തിട്ടുള്ള മദ്ധ്യപൗരസ്ത്യദേശങ്ങളിൽ നിന്ന് ക്രൈസ്തവമതത്തെ വേരോടെ പിഴുതെറിയാൻ ചില മതതീവ്രവാദികൾ നടത്തുന്ന കുത്സിതശ്രമങ്ങളെക്കുറിച്ച് മാധ്യമങ്ങളിലൂടെ നാം മനസ്സിലാക്കിയിട്ടുണ്ട്. ഇറാക്കിൽ സദാംഹുസൈന്റെ കാലശേഷവും, ഈജിപ്റ്റിലും ലിബിയായിലും ഭരണാധികാരികളെ പുറത്താക്കിയതിനുശേഷവും, ഇപ്പോൾ സിറിയായിൽ നടക്കുന്ന സിവിൽയുദ്ധത്തിന്റെ മറപിടിച്ചും, അൽക്വൈദ എന്ന തീവ്രവാദസംഘടനയുടെ ഒരുശാഖ ISIL (Islamic State in Iraq and the Levant)എന്ന പേരിൽ രംഗപ്രവേശം ചെയ്തിരിക്കയാണ്. ഇതിനകം പതിനായിരക്കണക്കിന് ക്രിസ്ത്യാനികളെയും ISILനെ അംഗീകരിക്കാത്ത യെസിദീ, ആലവൈറ്റ്, തുർക്കുമാൻ എന്നീ വംശജരെയും കൊന്നൊടുക്കിക്കൊണ്ടിരിക്കുകയാണ്. നാസി ഭരണകാലത്ത് ജർമ്മനിയിലും പോളണ്ടിലുമൊക്കെ നടന്ന യഹൂദരുടെ കൂട്ടക്കൊലയെ ഹോളോകോസ്റ്റ് (സമ്പൂർണ്ണദഹനബലി) എന്ന് വിളിക്കാറുണ്ട്. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത് ക്രൈസ്തവരുടെ ഹോളോകോസ്റ്റ് ആണ്.

ISIL പിടിച്ചെടുത്ത പ്രദേശങ്ങളിലുള്ള അമുസ്ലീമുകൾക്ക് അവർ അന്ത്യശാസനം നൽകി: ഒന്നുകിൽ മുസ്ലീം ആകുക, അല്ലെങ്കിൽ ഭാരിച്ച നികുതി നൽകുക, അതുമല്ലെങ്കിൽ വധിക്കപ്പെടാൻ തയ്യാറായി കൊള്ളുക. ക്രിസ്ത്യാനികളടെ ഭവനങ്ങൾ കണ്ടുപിടിച്ച് അറബി ഭാഷയിലെ 'N' എന്ന അക്ഷരം അടയാളപ്പെടുത്തും. അതിന്റെ അർത്ഥം "നസ്രാണി=നസറായനായ യേശുവിനെ പിൻചെല്ലുന്നവൻ" എന്നാണ് അങ്ങനെയുള്ള കുടുംബങ്ങളുടെ സ്വത്തുക്കൾ ഇസ്ലാമിക് സ്റ്റേറ്റിന്റേതായി മാറും.

പണവും ആഭരണങ്ങളും ഉപേക്ഷിച്ച് ഉടുവസ്ത്രം മാത്രമായി വിട്ടുപൊയ്ക്കൊള്ളണം. ആയിരക്കണക്കിനു ക്രിസ്ത്യാനികൾ, ടർക്കി, ലെബനോൻ, യോർദ്ദാൻ എന്നീ രാജ്യങ്ങളിലേക്കു പലായനം ചെയ്തിട്ടുണ്ട്.ചില കുടുംബങ്ങൾ വെള്ളവും ഭക്ഷണവുമില്ലാതെ മരുഭൂമിയിൽ മരിച്ചുവീണു. ആയിരക്കണക്കിന് ആൾക്കാർ മഞ്ഞു പെയ്യുന്ന പർവ്വതനിരകളിൽ കുടുങ്ങിപോയിട്ടുണ്ട്. അവർക്ക് കുടി വെള്ളം, ഭക്ഷണം, കമ്പിളിവസ്ത്രങ്ങൾ, ജീവൻ സംരക്ഷണ- ഔഷധങ്ങൾ എന്നിവ എത്തിച്ചുകൊടുക്കുന്നില്ലെങ്കിൽ അവരും മരണപ്പെടും.

ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ഭയാനകമായ മനുഷ്യാ വകാശ ധ്വംസ്യനങ്ങളിൽ ഒന്നാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കു ന്നത്. പരസ്യമായ കൂട്ടക്കൊലകൾ, ശിരഛേദനം, തട്ടിക്കൊണ്ടു പോകൽ, സ്ത്രീകളെ ബലാത്സംഗംചെയ്യൽ, ചെറുബാലികമാരെ വരെ ലൈംഗികഅടിമകളാക്കൽ, ജീവനോടെ മനുഷ്യരെ കുഴിച്ചു മൂടുകയോ അഗ്നിക്കിരയാക്കുകയോ ചെയ്യൽ, ഒരേ കുടുംബത്തിലു ള്ളവരെ തമ്മിൽ വേർപിരിക്കൽ, കൊച്ചുകുഞ്ഞുങ്ങളെ അമ്മമാരിൽ നിന്നും പിടിച്ചുപറിച്ചുകൊണ്ടുപോകൽ, പുരുഷന്മാരെക്കൊണ്ട് അവരുടെതന്നെ ശവക്കുഴിവെട്ടിച്ചശേഷം അവരെ വെടിവച്ച് കുഴിയി ലേക്ക് വീഴിക്കൽ എന്നീ നിഷ്ഠൂര പീഡനങ്ങൾ ആർക്കും ഇന്റർനെ റ്റിൽ കാണാവുന്നതാണ്. അനേകം ക്രൈസ്തവ ദേവാലയങ്ങളും പുണ്യസ്ഥലങ്ങളും ബോംബ്വച്ച് നശിപ്പിച്ചു കഴിഞ്ഞു. രണ്ടുവർഷം മുമ്പ് തട്ടിക്കൊണ്ടുപോയ രണ്ടുമെത്രാന്മാരും ഒരു വൈദികനും ജീവിച്ചിരുപ്പുണ്ടൊ എന്നതിന് സൂചനയൊന്നുമില്ല. ISILന്റെ ക്രൂരത കൾ റിപോർട്ട്ചെയ്ത രണ്ട് പത്രപ്രവർത്തകരുടെ കഴുത്ത് അറക്കുന്ന തിന്റെ ചലച്ചിത്രം ലോകമനസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു.

ശ്ലൈഹീകകാലംമുതൽ ഇന്നുവരെ നിലനിന്നിട്ടുള്ള ഏതാനും അപ്പസ്തോലികസഭകളാണ് നമ്മുടെ ജീവിതകാലത്ത് അപ്രത്യക്ഷ മാകാൻ പോകുന്നത്. ഇപ്പോൾതന്നെ ഈ സഭകളുടെ അംഗസംഖ്യ

മൂന്നിലൊന്നായി ചുരുങ്ങിയിട്ടുണ്ട്. മൂന്ന് ലക്ഷം പേർ വിവിധ രാജ്യങ്ങളിൽ അഭയാർത്ഥികളായിത്തീർന്നിട്ടുണ്ട്. ഇത്ര വലിയ ദുരന്തത്തിന്റെ നടുവിലും സ്വന്തരാജ്യവും സംസ്കാരവും വിശ്വാസവും വെടിയില്ല എന്ന ദൃഢനിശ്ചയത്തിൽ പിടിച്ചു നില്ക്കുന്ന ക്രൈസ്തവ സഹോദരരും, അവരെ അനുഗമിച്ച് ബലപ്പെടുത്തുന്ന വൈദികരും, സന്ന്യസ്തരും ലോകത്തിന് വലിയ സാക്ഷ്യം നല്കുന്നു. നമ്മുടെ സഹോദരീസഭകളിലെ ക്രിസ്ത്യാനികൾ കുടിവെള്ളവും ഭക്ഷണവും അതിശൈത്യത്തിൽനിന്ന് രക്ഷപെടാൻ വസ്ത്രങ്ങളും കിടപ്പാടങ്ങളുമില്ലാതെ ക്ലേശിക്കുമ്പോൾ, നാം ആർഭാടങ്ങളിൽ മുഴുകുന്നത് കുറ്റകരമാണ്; അവരുടെ നിലവിളികേട്ടില്ലായെന്ന് നടിക്കുന്നത് പാപകരമായ അനാസ്ഥയാണ്.

2014 ഡിസംബർ 9–11 വരെ കൂടിയ കേരള കത്തോലിക്കാ മെത്രാൻ സമിതിയിൽ മദ്ധ്യപൗരസ്ത്യദേശത്തെ ക്രിസ്ത്യാനികളോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കാനും, അവരുടെ അടിയന്തിരാവശ്യങ്ങൾ കണക്കിലെടുത്ത് ഒരു ലക്ഷം ഡോളറിൽ കുറയാത്ത ഒരുസംഖ്യ എത്തിച്ചു കൊടുക്കാനും തീരുമാനമായിട്ടുണ്ട്. നമ്മുടെ എല്ലാ രൂപതകളിലും, ക്രിസ്മസ് രാത്രിയിൽ ഒരു പ്രത്യേക പിരിവ് എടുക്കുകയും അതു താമസിയാതെ P.O.C. ഡയറക്ടറുടെ പേരിൽ അയച്ചു കൊടുക്കുകയും വേണം. ഇന്ത്യയിലെ പരിശുദ്ധപിതാവിന്റെ പ്രതിനിധി വഴി പ്രസ്തുത തുക ബന്ധപ്പെട്ടവർക്ക് എത്തിച്ചു കൊടുക്കുന്നതാണ്. ഇക്കാര്യത്തിൽ എല്ലാവരുടെയും ത്യാഗനിർഭരവും ഔദാര്യപൂർണ്ണവുമായ സഹകരണം അഭ്യർത്ഥിക്കുന്നു.

നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളട്ടെ (ഫിലി 4;7) എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

---

NB : ജനുവരി മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച കുർബാനമദ്ധ്യേ ഈ സർക്കുലറിലെ പ്രസക്തഭാഗങ്ങൾ ദൈവജനത്തെ അറിയിക്കുമല്ലോ.

# പാസ്റ്ററൽ കൗൺസിൽ

## 13–ാം പാസ്റ്ററൽ കൗൺസിൽ 3–ാം സമ്മേളനം

2014 ഡിസംബർ 13–ാം തിയ്യതി ശനിയാഴ്ച രൂപതാഭവനത്തിൽവച്ച് നടത്തപ്പെട്ടു. രാവിലെ 10 മണിക്ക് സി.എം.സി. സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരി ജനറാൾ മോൺ. ഡേവിസ് അമ്പൂക്കൻ യോഗത്തിൽ സന്നിഹിതരായവർക്ക് സ്വാഗതം ആശംസിച്ചു. വരുംവർഷങ്ങളിൽ ആഗോള കത്തോലിക്കാസഭയും പ്രത്യേകിച്ച് നമ്മുടെ രൂപതയിലും സമർപ്പിതവർഷം സഭയിൽ ആചരിക്കുന്നതിന്റെ മുന്നോടിയായി നടക്കുന്ന ഈ കൗൺസിൽ യോഗത്തിൽ ഓരോരുത്തരുടെയും സാന്നിധ്യം പ്രവർത്തനം സഹകരണം എന്നിവ വളരെ പ്രധാനപ്പെട്ടതാണെന്നും സമർപ്പിതർ പ്രത്യേക കത്തോലിക്കാ വിഭാഗർ അല്ല മറിച്ച് ആഗോളസഭയുടെ വിലപ്പെട്ട അവിഭാജ്യ ഘടകമാണ്. സീറോ മലബാർ സഭയുടെ മുഖം പ്രകാശപൂരിതമാക്കുവാൻ സമർപ്പിതർക്കും കടമയുണ്ട് എന്നും മോൺ. ഡേവിസ് അമ്പൂക്കൻ തന്റെ സ്വാഗതപ്രസംഗത്തിൽ എടുത്തു പറഞ്ഞു.

